# CHAPTER - 14

# സ്കൂൾ പാർലമെന്റ്

## കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് – സ്കൂൾ പാർലമെന്റിൽ (സ്കൂൾ ജനാധിപത്യ വേദി) അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളോടൊപ്പം ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീ കരിച്ചുകൊണ്ടും സ്കൂൾ പാർലമെന്റ് രൂപീകരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖകളും പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവി ക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ. (എം.എസ്.)194/2007/പൊ.വി.വ. തിരുവനന്തപുരം

തീയതി : 2007 നവംബർ 5

പരാമർശം : 10.11.2003 ലെ സ.ഉ. (എം.എസ്.) നം. 309/2003/പൊ.വി.വ.

ഉത്തരവ്

മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം, സ്കൂൾ പാർല മെന്റ് തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട താഴെപ്പറയുന്ന 10 മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(i) സ്കൂൾ പാർലമെന്റിലേക്കുള്ള തെരെഞ്ഞെടുപ്പ് കക്ഷിരാഷ്ട്രീയത്തിന് അധിഷ്ഠിതമായല്ല നടത്തപ്പെടുന്നതെന്ന് ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ ഉറപ്പുവരുത്തേണ്ടതാണ്.

(ii) സ്കൂളിൽ കായികമേളകൾ, ചർച്ചാവേദികൾ, ശ്രമദാനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ച് വിദ്യാർത്ഥികളുടെ കായികവും സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായ രീതിയിൽ സ്കൂൾ പാർലമെന്റിലേയ്ക്ക് തെരെഞ്ഞെടുപ്പ് നടത്താൻ പ്രധാനാദ്ധ്യാപകന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

(iii) സ്കൂളിന്റെ പ്രവർത്തനത്തെയും വിദ്യാർത്ഥികളുടെ അദ്ധ്യയനത്തെയും ബാധിക്കുന്നതും തടസ്സപ്പെടുത്തുന്നതുമായ രീതിയിൽ സ്കൂൾ കാമ്പസ്സിനുള്ളിലെ പുറത്തോ ഏതെങ്കിലും തരത്തിലുള്ള കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഏതെങ്കിലും വിദ്യാർത്ഥിക്കോ, വിദ്യാർത്ഥി സംഘടനകൾക്കോ അനുവാദം ലഭിക്കുന്നില്ലന്ന് സ്കൂളിലെ അദ്ധ്യാപകരും പ്രധാനാദ്ധ്യാപകനും ഉറപ്പുവരുത്തേണ്ടതാണ്.

(iv) സ്കൂളിന്റെ പ്രവർത്തനത്തേയും വിദ്യാർത്ഥികളുടെ അദ്ധ്യയനത്തെയും ബാധിക്കുന്നതും തടസ്സപ്പെടുത്തുന്നതുമായ രീതിയിൽ സ്കൂൾ കാമ്പസ്സിനുള്ളിലോ പുറത്തോ ഏതെങ്കിലും തരത്തിലുള്ള കക്ഷിരാഷ്ട്രീയ

പ്രവർത്തനങ്ങളിൽ ഏതെങ്കിലും വിദ്യാർത്ഥിയോ വിദ്യാർത്ഥി സംഘടനകളോ ഏർപ്പെടുന്നതായി ശ്രദ്ധയിൽപെട്ടാൽ ഉത്തരവാദികളായ വിദ്യാർത്ഥികൾക്കെതിരെ കേരള വിദ്യാഭ്യാസചട്ടത്തിലെ അദ്ധ്യായം IX-ലെ ചട്ടം 6-ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനുള്ള കർത്തവ്യം സ്കൂളിലെ പ്രധാനാദ്ധ്യാപകനിൽ നിക്ഷിപ്തമാണ്.

(v) സ്കൂൾ പാർലമെന്റിലേയ്ക്കുള്ള തെരെഞ്ഞെടുപ്പുപ്രക്രിയയിൽ സ്കൂളിലെ വിദ്യാർത്ഥികളെ മറ്റു വിദ്യാർത്ഥികൾ മുഖേനയൊ, അദ്ധ്യാപകർ മുഖേനയോ, മറ്റു ജീവനക്കാർ മുഖേനയോ പുറമെ നിന്നുള്ളവർ പ്രത്യക്ഷമായോ പരോക്ഷമായോ സ്വാധീനിക്കുന്നില്ലന്ന് ഉറപ്പുവരുത്തേണ്ടതും അതിന് വിപരീതമായി സംഭവിച്ചാൽ അത്തരം ഇടപെടലുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സുപ്രധാന കർത്തവ്യം ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകനിൽ നിക്ഷിപ്തമാണ്.

(vi) സ്കൂളിൽ ഏതെങ്കിലും തരത്തിലുള്ള അക്രമസംഭവങ്ങളോ അദ്ധ്യയനം തടസ്സപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളോ ഉണ്ടായാൽ അക്കാര്യം തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകനിൽ നിക്ഷിപ്തമാണ്.

(vii) സ്കൂൾ പ്രധാനാദ്ധ്യാപകന്റെ അറിയിപ്പ് ലഭിച്ചാലുടൻ യഥാസമയം അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. ആരെങ്കിലും ഏതെങ്കിലും ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി കണ്ടെത്തിയാൽ അവർക്കെതിരെ കേസ്സ് ചാർജ്ജ് ചെയ്ത് നിയമപ്രാകരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(viii) സ്കൂൾ പാർലമെന്റിലേയ്ക്കുള്ള തെരെഞ്ഞെടുപ്പ് കക്ഷിരാഷ്ട്രീയത്തിനും രാഷ്ട്രീയ ഇടപെടലുകൾക്കും അതീതമായിരിക്കുമെന്നും തെരെഞ്ഞെടുപ്പ് രാഷ്ട്രീയവൽക്കരിക്കില്ലെന്നും കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലായിരിക്കില്ലെന്നും സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. അതിനാൽ സ്കൂൾ കാമ്പസിനുള്ളിൽ ഒരു വിധത്തിലുള്ള വിധ്വംസക പ്രവർത്തനങ്ങളും ഉണ്ടാകുന്നില്ലന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും ഉചിതമായ സുരക്ഷാക്രമീകരണങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

(ix) വിദ്യാർത്ഥികളുടെ ഉത്തമ താല്പര്യങ്ങൾക്കും സ്കൂളിന്റെ സുഗമമായി നടത്തിപ്പിനുമായി സ്കൂളിലെ അദ്ധ്യാപകർക്കും പ്രധാനാദ്ധ്യാകന് ആവശ്യമെങ്കിൽ രക്ഷിതാക്കളുടെ അഭിപ്രായം ആരായാവുന്നതാണ്. എന്നാൽ സ്കൂളിന്റെ അച്ചടക്കവും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിന്മേലുള്ള പ്രധാനാദ്ധ്യാപകന്റെ തീരുമാനം അന്തിമവും ആയത് നടപ്പിലാക്കപ്പെടാൻ ബാദ്ധ്യസ്ഥവുമാണ്.

(x) തടസ്സമില്ലാത്ത വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവകാശം ഭരണഘട

നയുടെ ആർട്ടിക്കിൾ 21-ലും സർക്കാരിന്റെ നയങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശകതത്വങ്ങളിലും അനുശാസിക്കുന്നുണ്ട്. അതിനാൽ ഭരണഘടനാ അനുശാസിക്കുന്ന മേൽ അവകാശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി മേൽ പ്രസ്താവിച്ച കാര്യങ്ങൾക്കു പുറമെ ഇത് സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ ബാധ്യസ്ഥമാണ്.

2. മേൽ മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നു.

(i) നിലവിലുള്ള സ്കൂൾ പാർലമെന്റിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളോടൊപ്പം ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതാണ്.

(ii) സ്കൂളിലെ എല്ലാ അദ്ധ്യാപകരും ചേർന്ന് സംയുക്തമായി നിർദ്ദേശിക്കുന്ന ഒരു അദ്ധ്യാപിക/അദ്ധ്യാപകൻ ആയിരിക്കും സ്കൂൾ പാർലമെന്റിന്റെ സ്റ്റാഫ് അഡ്വൈസർ. ഇദ്ദേഹം സ്കൂൾ പാർലമെന്റിന്റെ സഹരക്ഷാധികാരി കൂടി ആയിരിക്കും. കൂടാതെ തെരെഞ്ഞെടുപ്പ് നടത്താനുള്ള റിട്ടേണിംഗ് ആഫീസറും ഇദ്ദേഹമായിരിക്കും.

(iii) ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ എന്നിവർ സ്കൂൾ പാർലമെന്റിന്റെ രക്ഷാധികാരികളായിരിക്കും. ഇവരെ കൂടാതെ ഇരുവരും സഹപ്രവർത്തകരും സംയുക്തമായി തെരെഞ്ഞെടുക്കുന്ന സ്റ്റാഫ് സെക്രട്ടറി, സ്റ്റാഫ് അഡ്വൈസർ എന്നിവരും സ്കൂൾ പാർലമെന്റിലെ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും.

(iv) രക്ഷാധികാരികളുടെ അംഗീകാരത്തോടെ റിട്ടേണിംഗ് ആഫീസർ ഓരോ ക്ലാസ്സ് ഡിവിഷനിലേയും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരെ നിയമിക്കണം. ഇവർ തന്നെയായിരിക്കും അതത് ഡിവിഷനിലെ പ്രിസൈഡിംഗ് ഓഫീസർ.

3. സ്കൂൾ പാർലമെന്റ് രൂപീകരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജയിംസ് വർഗ്ഗീസ്

സെക്രട്ടറി

ചില School കളിൽ നിന്നുള്ള ആവശ്യപ്രകാരം ഗവ. ഉത്തരവ് Notice Board ൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.

Manager by Power of Attorney
Corporate Edl. Agency
Diocese of Palai

CORPORATE EDUCATIONAL AGENCY
PIN - 686 575
DIOCESE OF PALAI